കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല - വാഴക്കുളം ഗ്രാമ പഞ്ചായത്ത് - 2017-18 വാർഷിക പദ്ധതിയില്ലൾപ്പെട്ട ആശ്രയഭവനം പദ്ധതി നടപ്പാക്കുന്നതിനുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 3986 /2017/തസ്വഭവ                    തിരുവനന്തപുരം, തീയതി, 12.12.2017.

---

വായന:- 1. വാഴക്കുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 02/11/2017 ലെ ബി4-7903/17 നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15/11/2017 ലെ 4.37 നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽപ്പെട്ടതും ഡി.പി.സി. അംഗീകാരം ലഭിച്ചതുമായ ആശ്രയ ഭവനം പദ്ധതി ലൈഫ് മിഷനിൽ ഉൾപ്പെടുത്താതെ നടപ്പാക്കുന്നതിന് അനുമതി നൽകണമെന്ന് വാഴക്കുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വായന (1) പ്രകാരം അപേക്ഷിച്ചിരുന്നു. ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15/11/2017 ലെ യോഗം വിശദമായി പരിശോധിക്കുകകയും കമ്മറ്റിയുടെ വായന (2) തീരുമാനപ്രകാരം ആശ്രയ ഭവന നിർമ്മാണത്തിനുള്ള പ്രോജക്ട് നടപ്പാക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. ഈ സാഹചര്യത്തിൽ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ ആശ്രയ ഭവനം പദ്ധതി ലൈഫ് മിഷനിൽ ഉൾപ്പെടുത്താതെ നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, വാഴക്കുളം ഗ്രാമ പഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ